# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 26-06-2012

## പാഠപുസ്തക വിതരണത്തിലെ അപാകത – അധ്യാപകരെ ബലിയാടാക്കാൻ അനുവദിക്കില്ല

**കെ.എസ്.ടി.എ**

പഴയ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ വിതരണം ചെയ്ത വിദ്യാഭ്യാസ വകുപ്പിന്റെ പിടിപ്പുക്കേട് അധ്യാപകരുടെമേൽ ചുമത്താനുള്ള നീക്കം യാതൊരു കാരണവശാലും അംഗീകരിക്കില്ലെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. 1968 ൽ പാഠപുസ്തക അച്ചടിയും വിതരണവും ആരംഭിച്ചതിനുശേഷം ആദ്യമായിട്ടാണ് ഇത്രയും നാണംകെട്ട വിധത്തിൽ പാഠപുസ്തക വിതരണം നടന്നത്. യു.ഡി.എഫും ലീഗും കേരളത്തിൽ കലാപമുാക്കിയ മതമില്ലാത്ത ജീവൻ എന്ന പാഠഭാഗം ഉൾപ്പെടുന്ന വിവാദപാഠപുസ്തകം സ്കൂളുകളിൽ വിതരണത്തിന് എത്തിച്ചത് വിദ്യാഭ്യാസവകുപ്പും ടെക്സ്റ്റ് ബുക്ക് ഡിപ്പോയുമാണ്. സ്കൂൾ സൊസൈറ്റിയിൽ നിന്നും കുട്ടികൾ വാങ്ങുന്ന പുസ്തകത്തിൽ പിഴവ് കത്തെിയത് അധ്യാപകരാണ്. പിശക് കുപിടിച്ച് ഡിപ്പാർട്മെന്റിനെ അറിയിച്ച അധ്യാപകരാണ് ഉത്തരവാദി എന്നുപറയുന്നത് ശുദ്ധ അസംബന്ധമാണ്. പഴയ പാഠപുസ്തകങ്ങൾ വിതരണം ചെയ്തതിന്റെ ഉത്തരവാദികൾ മന്ത്രിയും വിദ്യാഭ്യാസവകുപ്പുമാണ്. അധ്യാപകരെ ബലിയാടാക്കാനുള്ള നീക്കത്തിൽ നിന്നും പിൻമാറിയില്ലെങ്കിൽ കടുത്ത പ്രക്ഷോഭത്തെ സർക്കാർ നേരിടേിവരും.വിവിധ ക്ലാസ്സുകളിൽ നിരവധി തെറ്റുകളുള്ള പാഠപുസ്തകങ്ങൾ വ്യാപകമായി വിതരണം ചെയ്തിട്ടു്. തെറ്റായ പാഠപുസ്തകങ്ങൾ പിൻവലിച്ച് പുതിയ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ സർക്കാരിന് കഴിയാത്ത അവസ്ഥയു്. പാഠപുസ്തകം അച്ചടിച്ചു വിതരണം ചെയ്യാൻ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ ആവശ്യപ്പെട്ടു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി